# തെങ്ങുകൾക്ക് രോഗബാധ: കേരകർഷകർ പ്രതിസന്ധിയിൽ

## വിനയാകുന്നത് ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, തഞ്ചാവൂർവാട്ടം തുടങ്ങിയ രോഗങ്ങൾ

ചക്കിട്ടപാറ ● തെങ്ങുകൾക്ക് വ്യാപകമായുണ്ടാകുന്ന രോഗകീടബാധ കേരകർഷകരെ ദുരിതത്തിലാക്കുന്നു. ഉൽപാദനക്കുറവ്, വിലയിടിവ്, പ്രകൃതിക്ഷോഭം, ഉൽപാദനച്ചെലവിന്റെ വർധന എന്നിവ മൂലം കർഷകർ പ്രതിസന്ധിയിലായിരിക്കുമ്പോഴാണ് രോഗബാധ ഇരുട്ടടിയായത്.

ചെന്നീരൊലിപ്പ്, കൂമ്പുചീയൽ, തഞ്ചാവൂർവാട്ടം എന്നീ രോഗങ്ങളാണ് തെങ്ങുകൾക്കു വിനയാകുന്നത്. ഇത്തവണ മഴ കൂടുതൽ ലഭിച്ചതിനാൽ കൂമ്പുചീയൽ രോഗത്തിന് സാധ്യത കൂടുതലാണ്. കുന്നിൻപ്രദേശങ്ങളിലെ തെ



ചക്കിട്ടപാറ പഞ്ചായത്തിലെ പൂഴിത്തോട്ടിൽ തെങ്ങുകൾ കൂമ്പുചീഞ്ഞ് നശിച്ച നിലയിൽ.

ങ്ങുകളെയാണ് രോഗം കൂടുതലായി ബാധിക്കുന്നത്. നീർവാർച്ചാ സൗകര്യമൊരുക്കാത്തതും കൂമ്പുചീയലിനിടയാക്കുന്നുണ്ട്.

പൂഴിത്തോട്, പയ്യോളി, കീഴര യൂർ, മേപ്പയൂർ മേഖലകളിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ രോഗപ്രതിരോധ നടപടികൾക്കുള്ള പ്രോജക്ട് തയാറാക്കുന്നതിനായി തെങ്ങിൻതോട്ടങ്ങൾ സന്ദർശിച്ചു.

കോഴിക്കോട് കൃഷി വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ആർ.ബിന്ദു, അസി. ഡയറക്ടർമാരായ പി.കെ.സ്മിതാനന്ദിനി, പുഷ്പ പെരുവണ്ണാമൂഴി കൃഷിവിജ്ഞാന കേന്ദ്രം സസ്യസംരക്ഷണ വിഭാഗം സബ്ജക്റ്റ് മാറ്റർ സ്പെഷലിസ്റ്റ് ഡോ. കെ.കെ.ഐശ്വര്യ കൃഷി ഓഫിസർമാരായ ജിജോ ജോസഫ്, കെ.ഡോണ എന്നിവരടങ്ങിയ സംഘമാണ് തോട്ടങ്ങളിലെത്തി രോഗബാധയെക്കുറിച്ച് പഠനം നടത്തിയത്. രോഗപ്രതിരോധത്തിന് പദ്ധതി നടപ്പിലാക്കുമെന്ന് ഉദ്യോഗസ്ഥ സംഘം അറിയിച്ചു.

## ചെന്നീരൊലിപ്പ്

**തെ**ങ്ങിൻതടിയിൽനിന്നു തവിട്ടു കലർന്ന ചുവന്ന നിറത്തിലുള്ള ദ്രാവകം ഊറിവരുന്നതാണ് ചെന്നീരൊലിപ്പ് ലക്ഷണം. കടുത്ത വരൾച്ച, വർഷകാലത്തെ വെള്ളക്കെട്ട്, അശാസ്ത്രീയ വളപ്രയോഗം എന്നിവയാണ് രോഗത്തിനിടയാക്കുന്നത്. മഴക്കാലത്ത് നീർവാർച്ച സൗകര്യമൊരുക്കിയും സന്തുലിത വളപ്രയോഗത്തിലൂടെയും രോഗബാധ നിയന്ത്രിക്കാം.

## തഞ്ചാവൂർവാട്ടം

**തെ**ങ്ങിന്റെ താഴെ നിരകളിലെ ഓലകൾ നിറം മങ്ങി വാടുന്നതാണ് ആദ്യരോഗലക്ഷണം.തുടർന്ന് വേരുകൾ ചീഞ്ഞ്, ഓലകൾ ഉണങ്ങും. തെങ്ങിന്റെ തടിയോടു ചേർന്ന ഭാഗത്ത് കറയൊലിച്ച്, തൊലി അടരും. രോഗം ബാധിച്ച് പൂർണമായും നശിച്ച തെങ്ങ് വേരോടെ പിഴുതു നശിപ്പിക്കണം. മണ്ണു പരിശോധിച്ച് നിശ്ചിത അളവിൽ സൂഷ്മമൂലകങ്ങളടങ്ങുന്ന വളപ്രയോഗവും നടത്തേണ്ടതുണ്ട്.

## കൂമ്പുചീയൽ

**മ**ഴ കൂടുതലായതിനാൽ തെങ്ങിന്റെ കൂമ്പുചീയൽ രോഗത്തിന് പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കണമെന്ന് കൃഷി വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

രോഗം ബാധിച്ചാൽ തെങ്ങിന്റെ നാമ്പോല മഞ്ഞനിറമായി ഒടിഞ്ഞുതൂങ്ങി വാടിപ്പോകും. കഴിഞ്ഞ വർഷം കൂമ്പുചീഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി തീയിട്ടു നശിപ്പിക്കണം. തോട്ടത്തിൽ നീർവാർചയ്ക്കുള്ള സൗകര്യമൊരുക്കണം.